## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2760** **28-02-2023 - ൽ മറുപടിയ്ക്ക്**

## അട്ടപ്പാടി മേഖലയിലെ നവജാത ശിശുക്കളുടെ ആരോഗ്യ സംരക്ഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി മേഖലയിൽ ശിശുമരണങ്ങൾ തുടരെ ഉണ്ടാകുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലയിൽ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ ഫലപ്രാപ്തിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | **ഉണ്ട്. അട്ടപ്പാടി മേഖലയിൽ ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് വകുപ്പ് മന്ത്രി 3 തവണ അട്ടപ്പാടി സന്ദർശിക്കുകയും ആരോഗ്യം, പട്ടികവർഗ്ഗ വികസനം, കുടുംബശ്രീ, വനിതാ ശിശുവികസനം, എക്സൈസ്, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകളുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ച് ചേർക്കുകയും ഓരോ വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിൽ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ ജില്ലാ കളക്ടറുടേയും ജില്ലയിലെ എം.പി, മണ്ണാർക്കാട് എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ അടങ്ങുന്നതും ഒറ്റപ്പാലം സബ് കളക്ടർ കൺവീനറുമായുള്ള 10 അംഗ ഏകോപന സമിതിയുടേയും നേതൃത്വത്തിൽ അവലോകനം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നുമുണ്ട്. അട്ടപ്പാടി മേഖലയിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാം തന്നെ കാലാകാലങ്ങളിൽ പരിശോധനയ്ക്കും നിരീക്ഷണത്തിനും വിധേയമാക്കുകയും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ കമ്മ്യൂണിറ്റി കിച്ചൻ മുഖേനയുള്ള ഭക്ഷണ വിതരണ പദ്ധതിയുടെ അവലോകനം സംസ്ഥാനതലത്തിൽ നടത്തി വരുന്നുണ്ട്.** |
| (ബി) | അട്ടപ്പാടി ഊരുകളിൽ നിലവിലുള്ള സമൂഹ അടുക്കളകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ സമൂഹ അടുക്കളകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ; | (ബി) | **അട്ടപ്പാടി ഊരുകളിൽ നിലവിലുള്ള കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതമായ (40%) 1,68,84,000/- രൂപ കുടുംബശ്രീ മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **കൂടുതൽ സമൂഹ അടുക്കളകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.** |
| (സി) | നവജാത ശിശുക്കളുടെ ആരോഗ്യ സംരക്ഷണത്തിൽ ഗർഭാവസ്ഥയിലെ പരിചരണത്തിന് പ്രാധാന്യമുള്ളതിനാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | **പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികളുടെയും ഗർഭസ്ഥ ശിശുക്കളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.**<br>1. **ജനനി ജന്മരക്ഷ**<br>2. **കമ്മ്യൂണിറ്റി കിച്ചൻ**<br>3. **ഭക്ഷ്യസഹായ പദ്ധതി**<br>4. **സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി**<br>5. **വാത്സല്യ സ്പർശം** |

സെക്ഷൻ ഓഫീസർ